ഉത്തരം

(എ, ബി) ഉണ്ട്. മരണപ്പെട്ട പ്രഭാകരൻ 15.5.1986-ൽ രാത്രി 8.15-ന് റോഡപകടത്തിൽപ്പെട്ട് പരിക്ക് പറ്റിയ നിലയിൽ പൊരുന്തമൺ എന്ന സ്ഥലത്ത് എം. സി. റോഡിൽ കാണപ്പെട്ടു. ശ്രീ. പ്രഭാകരൻ തിരുവനന്തപുരം മെഡിക്കൽ കോളേജാശുപത്രിയിൽ ചികിൽസയിൽ ഇരിക്കവെ 19.5.1986 പകൽ 12.50-ന് ആണ് മൃതിയടഞ്ഞത്. കേസിന്റെ അന്വേഷണം ഊർജ്ജിതമായി നടന്നുവരികയാണ്. കുറ്റക്കാരെ തിരിച്ചറിയാൻ കഴിഞ്ഞിട്ടില്ല.

(സി) അന്വേഷണ റിപ്പോർട്ട് കിട്ടിയാൽ ആവശ്യമാണെന്നു കാണുന്നപക്ഷം കേസിന്റെ അന്വേഷണം ക്രൈം ബ്രാഞ്ചിനെ ഏൽപ്പിക്കുന്നതാണ്.

സുദേവന്റെ സംശയകരമായ മരണം

736 [866] ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ അസംബ്ലി നിയോജക മണ്ഡലത്തിലെ മാവിള വീട്ടിൽ ചക്രപാണിയുടെ മകൻ സുദേവൻ 1985 ഒക്ടോബർ 21-ാം തീയതി സംശയകരമായി മരണപ്പെട്ടതിനെ സംബന്ധിച്ചുള്ള ക്രൈം ബ്രാഞ്ച് അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ;

(ബി) ഈ കേസുമായി ബന്ധപ്പെട്ട എത്രപേരെ അറസ്റ്റ് ചെയ്തു എന്ന് വ്യക്തമാക്കാമോ;

(സി) ഈ കേസ് തെളിയിക്കുന്നതിനുള്ള സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) റിപ്പോർട്ട് ലഭിച്ചിട്ടില്ല. അന്വേഷണം ഊർജ്ജിതമായി നടക്കുന്നുണ്ട്.

(ബി) ആരെയും അറസ്റ്റ് ചെയ്തിട്ടില്ല.

(സി) നടപടികൾ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്.

സിനിമാ തിയേറ്ററുകളിൽ നിലച്ചിത്രങ്ങളുടെ പ്രദർശനം

737 [867] ശ്രീ. കെ. കെ. ബാലകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പല സിനിമാ തിയേറ്ററുകളിലും നീല ചിത്രങ്ങൾ പ്രദർശിപ്പിച്ചുവരുന്നതായി ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിൻമേൽ ഗവൺമെന്റ് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly